# ഓണാട്ടുകര നാളികേരോല്പാദക കമ്പനി
# വെട്ടിക്കോട്,കറ്റാനം

<u>10 -)മത് വാർഷിക പൊതുയോഗം</u> - ഡയറക്ടേഴ്സ് റിപ്പോർട്ട് (11.09.2024)

പ്രിയ സുഹൃത്തുക്കളെ, ഓഹരി ഉടമകളെ !
ഓണാട്ടുകര നാളികേര ഉത്പാദക കമ്പനിയുടെ 10-)മത് വാർഷിക പൊതുയോഗത്തിലേയ്ക്ക് ഏവർക്കും സ്വാഗതം.

നിങ്ങൾ ഓരോരുത്തരുടെയും പ്രയത്നത്തിലൂടെയും നിർലോഭമായ സഹായസഹകരണത്തിലൂടെയും രൂപം കൊണ്ടതാണല്ലോ ഓണാട്ടുകര നാളികേര ഉൽപാദന കമ്പനി . കമ്പനിയുടെ ഉൽപ്പന്നമായ ഓണാട്ടുകര വെളിച്ചെണ്ണ പുറത്തിറങ്ങിയിട്ട് 7വർഷം കഴിഞ്ഞു. .

കമ്പനിയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിഞ്ഞ വർഷവും നമുക്ക് സാധിച്ചിട്ടില്ല. എന്നാൽ ഒരു അടച്ചുപൂട്ടൽ ഭീഷണി ഒഴിവാക്കി ചെറിയതോതിൽ കമ്പനി പ്രവർത്തനങ്ങൾ നിലനിർത്താൻ സാധിച്ചു.

KFCയിൽ നിന്നും എടുത്ത Term Loan അടച്ചു തീർത്തു കഴിഞ്ഞ വിവരം പൊതുയോഗത്തെ അറിയിച്ചതാണല്ലോ? എന്നാൽ പിന്നീട് ലഭിച്ച കോവിഡ് റിലീഫ് ഫണ്ടും ഹൃസ്വകാല വായ്പയു മുൾപ്പെടെ 50ലക്ഷം രൂപയോളം തിരിച്ചടവുണ്ട്. അതിന്റെ പലിശമുടങ്ങാതെ അടച്ചുകൊണ്ടിരുന്നെങ്കിലും പ്രവർത്തനമൂലധനത്തിന്റെ അപര്യാപത്ത മൂലം ഉൽപാദനം കുറയുകയും തിരിച്ചടവ് മുടങ്ങുകയും ചെയ്ത്റവന്യൂ റിക്കവറിയിൽ വരെ എത്തി നിൽക്കുകയാണ്.

കഴിഞ്ഞവർഷം കേവലം 34മെട്രിക്ടൺ വെളിച്ചെണ്ണ മാത്രമാണ് ഉൽപാദിപ്പിക്കാൻ കഴിഞ്ഞത്. വിറ്റുവരവ് 66.33 ലക്ഷം രൂപയും ഇതിൽ ഏകദേശം 8.84ലക്ഷം രൂപ മറ്റു മൂല്യവർദ്ധന ഉൽപ്പന്നങ്ങളിൽ നിന്നുള്ള വിറ്റു വരവാണ്. കമ്പനിയുടെ ഉൽപ്പന്നങ്ങൾക്ക് പ്രിയമേറുന്നുവെങ്കിലും, ഉൽപാദനം തീർത്തും അപര്യാപത്തമാണെന്ന് പറയേണ്ടതില്ലല്ലോ? ഈ ഗുരുതര അവസ്ഥാ വിശേഷം പരിഹരിക്കുവാനുള്ള ശ്രമങ്ങൾ ഒന്നും ഫലം കണ്ടെത്തിയില്ല. പ്രതീക്ഷയോടെ ശ്രമങ്ങൾ തുടരുന്നു.

കമ്പനിയുടെ 2023-2024 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഡിപ്രീസിയേഷൻ കഴിഞ്ഞു 34.494 ലക്ഷം രൂപയാണ് നഷ്ടം. ഈ പ്രതിസന്ധിക്കിടയിലും നമ്മുടെ ഉൽപ്പന്നങ്ങൾക്കുള്ള സ്വീകാര്യതയാണ് നമ്മളെ മുന്നോട്ട് നയിക്കുന്നത്.

കമ്പനിക്ക് 4100 ഓഹരി ഉടമകളാണ് ഇന്നുള്ളത്. നാളിതുവരെ ലാഭവിഹിതം നൽകാൻ സാധിക്കാത്തതുകൊണ്ട് ഷെയർ തുക തിരികെ നൽകാൻ ഓഹരി ഉടമകൾ ആവശ്യപ്പെടുന്നു. എന്നാൽ ഷെയർ തുക തിരികെ നൽകാൻ പ്രൊഡ്യൂസർ കമ്പനികളുടെ നിയമം അനുവദിക്കുന്നില്ലന്ന് കഴിഞ്ഞ പൊതുയോഗത്തെ അറിയിച്ചിരുന്നല്ലോ? .

CEO ഉൾപ്പെടെ കമ്പനിയിൽ 10 ജീവനക്കാരാണ് ഉള്ളത്. ഒരുകാലത്ത് ഇത് 20 വരെയുണ്ടായിരുന്നു. 6 തൊഴിലാളികൾ, മാനേജർ, അക്കൗണ്ടന്റ്, കെമിസ്റ്റ് എന്നിവർ ഉൾപ്പെടുന്നതാണ് ഈ 10 പേർ.

ജീവനക്കാരുടെ വേതനം 8 മാസത്തിലധികം മുടക്കമുണ്ടായിട്ടുണ്ട്. അമിതഭാരമായി മാറുന്നത് പ്ലാന്റിലെ വൈദ്യുതി ചാർജാണ്. മാസംതോറും 40000-45000വരെയുണ്ടാകും ശരാശരി തുക. ഫാക്ടറിയിലെ മിഷനറികളുടെയും ഗുണമേന്മ സർട്ടിഫിക്കെറ്റുകളുടേയും മറ്റു ലൈസൻസ് പുതുക്കൽ, അറ്റകുറ്റപ്പണികൾ, കരമടയ്ക്കൽ, വാടക എന്നി ഇനങ്ങളിൽ ഭീമമായ തുക വേറെയും.

ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കാൻ ശ്രമം നടത്തിയ വിവരവും കഴിഞ്ഞ പൊതുയോഗത്തിൽ അവതരിപ്പിച്ചിരുന്നല്ലോ. അത് ഫലം കണ്ടില്ല എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന മൂലധനം സമാഹരിക്കുക എന്ന പ്രഥമ പരിഗണയിൽ വിവിധ വകുപ്പുകളിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് നിങ്ങൾ ഓരോരുത്തരുടെയും വിലയേറിയ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും നൽകണമെന്ന് അപേക്ഷിക്കുന്നു.

ഈ അവസരത്തിൽ കമ്പനിയുടെ ഓരോ ഓഹരി ഉടമകളോടും കർഷക സുഹൃത്തുക്കളായ മറ്റു അംഗങ്ങളോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. കമ്പനിയുമായി പ്രത്യക്ഷമായും, പരോക്ഷമായും സഹകരിക്കുന്ന, സഹായിക്കുന്ന എല്ലാ ഗവർമെന്റ് , ഗവര്‍മെന്റിതര സ്ഥാപനങ്ങളോടും, കമ്പനി സെക്രട്ടറിമാരോടും (ABP & Associates) ചാർട്ടേഡ് അക്കൗണ്ടന്റ്(GSP&Company) നോടും ഞങ്ങൾ കടപ്പെട്ടിയിരിക്കുന്നു. കമ്പനി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ഉടമയായ ശ്രീ.നൈനാൻ ജോർജിനോടും, എല്ലാമാന്യ ഉപഭോക്താക്കളോടും, കമ്പനി ജീവനക്കാരോടുമുള്ള ഞങ്ങളുടെ അങ്ങേയറ്റം സ്നേഹവും കടപ്പാടും രേഖപ്പെടുത്തിക്കൊള്ളട്ടെ!

ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി
ഡയറക്ടർ ബോർഡ്